സ്വാതന്ത്ര്യസമര ഭടന്റെ വീടും സ്ഥലവും തിരിച്ചു നൽകുവാൻ നടപടി

1713 [2574] ശ്രീ. കെ. ടി. കുണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിക്കൽ നാരായണക്കുറുപ്പ് എന്ന സ്വാതന്ത്ര്യസമര ഭടന്റെ വീടും പറമ്പും ബാങ്ക് ജപ്തി ചെയ്തു വിൽപ്പന നടത്തിയതായി അറിയാമോ;

(ബി) എങ്കിൽ അതു റദ്ദു ചെയ്ത് അദ്ദേഹത്തിന്റെ വീടും സ്ഥലവും തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി) ആയിക്കൽ നാരായണക്കുറുപ്പിന്റെ പൂർണ്ണ മേൽവിലാസവും മറ്റു വിവരങ്ങളും ചോദ്യത്തിൽനിന്നും വ്യക്തമല്ല. ഏതു ബാങ്കാണ് ജപ്തി ചെയ്തിരിക്കുന്നത് എന്നും അറിയില്ല. ജപ്തി നടപടികളും സാധാരണ കോടതി മുഖേനയോ റവന്യൂ വകുപ്പ് മുഖേനയോ ആണ് നടത്തുക. ചോദ്യത്തിലെ വിവരങ്ങൾ അപൂർണ്ണമായതിനാൽ മറുപടി നൽകാൻ പ്രയാസമാണ്.

സ്വാതന്ത്ര്യസമര സേനാനികൾക്ക് വൈദ്യസഹായം

1714 [2575] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ ആയുർവ്വേദ വകുപ്പിലേക്ക് സ്വാതന്ത്ര്യസമര സേനാനികൾക്ക് വൈദ്യസഹായം എത്തിക്കുന്ന പദ്ധതി അനുസരിച്ച് ആവശ്യമായ തുക അനുവദിക്കാത്തതുമൂലം പലർക്കും പണം നീ ഇംപേഴ്സ് ചെയ്തു കിട്ടുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. പ്രസ്തുത ആവശ്യത്തിന് 5,000 രൂപ ഇതിനകം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.)ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

1715 [2579] ശ്രീ. കെ. പി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, പി. വി. മുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. എം. ഹംസക്കുഞ്ഞ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 5:1 എന്ന അനുപാതത്തിൽ ഡഫേദാർ ഗ്രേഡിൽ പ്രൊമോഷൻ നൽകണം എന്ന ഉത്തരവ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly